**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**
**ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ.ജി, ന്യായാധികാരി**
**2025 -മാണ്ട് ഡിസംബർ മാസം 23-)ം തീയതി**

# CMP 790/2025 IN MC 16/2018

ഹർജിക്കാരി : സാജിതാമോൾ.എം, 46 വയസ്, W/o. ഷാജി.വൈ,
ആയന്റെ കളത്തിൽ, തോട്ടപ്പള്ളി മുറി,
പുറക്കാട് വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ
നിലവിൽ താമസം : ആനക്കുളത്തിൽ വീട്,
കാട്ടുപുറം വെളിയിൽ, വണ്ടാനം മുറി,
അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്,
അമ്പലപ്പുഴ വടക്ക് വില്ലേജ്, വണ്ടാനം പി.ഒ,
ആലപ്പുഴ - 688 005
(പ്രതിനിധീകരിക്കുന്നത് അഡ്വ. ഹമീദ് മാന്തളശ്ശേരിൽ)

എതൃകക്ഷി : ഷാജി.വൈ , 57 വയസ്, S/o. യൂസഫ്,
വാടിയിൽ ഹൗസ് , ലജനത്ത് വാർഡ്, ആലപ്പുഴ
നിലവിൽ താമസം : ബ്ലോക്ക് നമ്പർ-4,
ക്വാർട്ടേഴ്സ് നമ്പർ -12,
പോലീസ് ഹൗസിംഗ് കോംപ്ലക്സ്, കോമ്പാറ,
എറണാകുളം
(പ്രതിനിധീകരിക്കുന്നത് അഡ്വ. ബിജിലി ജോസഫ്)

## ഉത്തരവ്

1. ഹർജിക്കാരിയും എതൃകക്ഷിയും ഹാജർ ഇല്ല. ഇരുവരും പ്രതിനിധീകരിച്ചു.
2. ഇരുകക്ഷികളുടെയും വാദം വിശദമായി കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.
3. ഈ കേസിലെ ഹർജിക്കാരി അസ്സൽ ഹർജിയിലെ (MC.16/2018) ഹർജിക്കാരിയും ഈ കേസിലെ എതൃകക്ഷി അസ്സൽ ഹർജിയിലെ എതൃകക്ഷിയുമാണ്. യഥാർത്ഥ സാക്ഷി പട്ടികയിൽ പേരുള്ള മൂന്നാമത്തെയും നാലാമത്തെയും സാക്ഷികളെ ഉപേക്ഷിച്ചതിന് ശേഷമാണ് ഹർജിക്കാരി ഈ അധിക സാക്ഷി പട്ടിക *(Additional Witness List)* സമർപ്പിച്ചിരിക്കുന്നത്. കൂടുതൽ സാക്ഷികളുടെ പട്ടിക അനുവദിക്കുന്നതിനെതിരെ പ്രതിഭാഗത്തിന്റെ അഭിഭാഷകൻ വാക്കാലുള്ള

എതിർപ്പ് ഉന്നയിച്ചിട്ടുണ്ട്. അസ്സൽ ഹർജി (MC.16/2018) പരിശോധിച്ചപ്പോൾ, ഹർജിക്കാരി ആവശ്യപ്പെട്ട നിവൃത്തികളിൽ 2005 ലെ ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമത്തിലെ സെക്ഷൻ 18 പ്രകാരമുള്ള സംരക്ഷണ ഉത്തരവ്, സെക്ഷൻ 19 പ്രകാരമുള്ള താമസ ഉത്തരവ്, സെക്ഷൻ 20 പ്രകാരമുള്ള പണ-പരിപാലന ഉത്തരവ്, സെക്ഷൻ 22 പ്രകാരമുള്ള നഷ്ടപരിഹാര ഉത്തരവ്, ഹർജിക്കാരിയുടെ വസ്തുങ്ങളും സർട്ടിഫിക്കറ്റുകളും തിരികെ നൽകാൻ എതൃകക്ഷിയോട് നിർദ്ദേശിക്കുക മുതലായവ ഉൾപ്പെടുന്നുവെന്ന് കാണാം. ഈ അധിക സാക്ഷി പട്ടികയിൽ, കൊച്ചി സിറ്റി പോലീസ് കമ്മീഷണർ, എറണാകുളം ആർ.ടി.ഒ, മാനേജർ എറണാകുളം ഗോകുലം ഫിനാൻസ്, പറവൂർ എസ്.എം.എൽ ഫിനാൻസ് മാനേജർ എന്നിവരെ വിസ്തരിക്കാനാണ് ഹർജിക്കാരി ആവശ്യപ്പെട്ടിരിക്കുന്നത്. നിർദ്ദിഷ്ട സാക്ഷികളെ വിസ്തരിക്കാൻ പറഞ്ഞിരിക്കുന്ന കാരണങ്ങളൊന്നും ആവശ്യപ്പെട്ട പ്രധാന നിവൃത്തികളുമായി ബന്ധമില്ലെന്ന് കാണാവുന്നതാണ്. കൂടാതെ, ഇത്തരത്തിലുള്ള അധിക സാക്ഷി പട്ടിക കേസിലെ വിചാരണ നീട്ടിക്കൊണ്ടുപോകാൻ ഹർജിക്കാരിയുടെ ഭാഗത്തു നിന്നുള്ള ശ്രമം ആണോ എന്ന് ന്യായമായും സംശയിക്കാവുന്നതാണ്. ഈ കേസ് അഞ്ച് വർഷത്തിലേറെയായി പഴക്കമുള്ള കേസാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 23.07.2025 ലെ OP(Crl). No.602/2024 ലെ നിർദ്ദേശ പ്രകാരം കേസ് 26.01.2026 ന് മുമ്പ് തീർപ്പാക്കേണ്ടതുണ്ട്. ആയതിനാൽ മേൽ പറഞ്ഞ സാഹചര്യങ്ങളിൽ ഹർജിക്കാരി ഫയൽ ചെയ്ത ഈ ഹർജി നിലനിൽക്കത്തക്കതല്ല എന്ന് ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നതിനാൽ അധിക സാക്ഷി പട്ടിക *(Additional Witness List)* തള്ളി ഉത്തരവ് ആയിരിക്കുന്നു.

***(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 ഡിസംബർ മാസം 23 ന് വിധി പറഞ്ഞിട്ടുള്ളതാണ്)***

ഗ്രാമന്യായാലയ *
പിൻ 688 003
ആലപ്പുഴ ജില്ലാ, അമ്പലപ്പുഴ പി.ഒ.

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**